# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 326- 21/6/2018-ലെ മറുപടിക്ക്

### പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങൾ

| ക്രമ നമ്പർ | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. ടി.വി. ഇബ്രാഹിം<br>ശ്രീ. പി ഉബൈദുള്ള<br>ശ്രീ. പി.ബി.അബ്ദുൽ റസ്സാക്ക് | ഡോ. ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| | **ചോദ്യം** | **ഉത്തരം** |
| എ | വർദ്ധിച്ചുവരുന്ന വായ്പയും ശമ്പളവും നൽകുക വഴി ഉണ്ടാകുന്ന റവന്യൂ കമ്മി ചുരുക്കി കൊണ്ടുവരാൻ പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രത്യേക നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ; | ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നും തന്നെ ഔദ്യോഗികമായി ലഭിച്ചിട്ടില്ല. |
| ബി | കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകുന്ന ധനവിഹിതം വർദ്ധിപ്പിക്കുവാൻ പ്രത്യേകമായി ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ധനകാര്യ കമ്മീഷൻ അനുകൂല നിലപാട് സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകുന്ന കേന്ദ്രനികുതിയുടെ വിഹിതം 42 ശതമാനത്തിൽ നിന്നും 50 ശതമാനമായി ഉയർത്തണമെന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>വർദ്ധിച്ച് വരുന്ന സെസ്സിന്റേയും സർചാർജ്ജുകളുടേയും ഫലമായി സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതത്തിൽ (തനി) ഉണ്ടായ കുറവ് പരിഹരിക്കുന്നതിന് വേണ്ടിയും, ജിഎസ് റ്റിയുടെ ഫലമായി കേന്ദ്രവും സംസ്ഥാനവും തുല്യനിരക്കിൽ നികുതി പങ്കിടുന്നത് മൂലം സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന നികുതിയിൽ ഉണ്ടായ കുറവ് , കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതത്തിൽ ഉണ്ടായ കുറവ് എന്നിവ പരിഹരിക്കുന്നതിനും, കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള റവന്യൂ വരവ് ചെലവുകളിലെ വർദ്ധിച്ച് വരുന്ന അന്തരം ഇല്ലാതാക്കുന്നതിനും , നികുതി വിഭജനത്തിന് മുമ്പും അതിന് ശേഷവും കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള വിഭവലഭ്യത യിലുള്ള അന്തരം പരിഹരിക്കുന്നതിനും |

| | | |
|---|---|---|
| | | ആയാണ് പ്രസ്തുത വർദ്ധനവ് ആവശ്യപ്പെട്ടിട്ടുള്ളത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അതിന്റെ റിപ്പോർട്ട് 2019 ഒക്ടോബറിൽ മാത്രമേ സമർപ്പിക്കുകയുള്ളൂ. പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത ലഭിക്കുകയുള്ളൂ. |

**അക്കൗണ്ട്സ് ഓഫീസർ**